വലിയപാലത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം അറിയിക്കാൻ ഈ സമയം വിനിയോഗിക്കുകയാണ്. എക്സ്പ്ര ഹൈവേയുടെ കാര്യം പറഞ്ഞപ്പോൾ, പുച്ഛിച്ചു കളയുകയും അതിന് പല തരത്തിലുള്ള വിമർശനങ്ങൾ വരികയുമുണ്ടായി. ഇത്തരത്തിലുള്ള ഗതാഗത പ്രശ്നം പരിഹരിക്കു എന്നുള്ള ഉദ്ദേശത്തിലാണ് ആ പദ്ധതിക്ക് രൂപം കൊടുത്തത്. മറ്റ് ദുരുദ്ദേശങ്ങളൊന മില്ലായിരുന്നു. പക്ഷേ ഇപ്പോൾ എന്തുതന്നെ വന്നാലും കൊച്ചിക്കും തൃശ്ശൂരിനുമിടയി സമാന്തരമായിട്ടുള്ള മറ്റൊരു പാത വരേണ്ടി വരുമെന്നുള്ള ചിന്ത കൂടി ഇവിട ബന്ധപ്പെട്ടവരുടെ മുന്നിൽ വച്ചുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് പരമാവധി കാര്യങ്ങ ചെയ്യുമെന്ന് മാത്രം സൂചിപ്പിക്കുന്നു. അംഗത്തിന്റെ ആവശ്യം പരിഗണിച്ച് ഒരു യോഗ എത്രയും പെട്ടെന്ന് വിളിച്ചുകൂട്ടുന്നതാണെന്ന് അറിയിക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി: സീപോർട്ട്-എയർപോർട്ടിന്റെ പ്രാധാന്യം ബഹുമാനപ്പെ മന്ത്രി ഇവിടെ പരാമർശിക്കുകയുണ്ടായി. സീപോർട്ട്-എയർപോർട്ടിൽ കളമശ്ശേരി വരെയുള്ള പാത ബ്രിഡ്ജസ് കോർപ്പറേഷൻ പൂർത്തിയാക്കി. അവിടെ നിന്നുള്ള അക്വിസിഷ നടപടികൾ വളരെ സ്ലോ ആയിട്ടാണ് പോയത്. ഏതായാലും ഇപ്പോൾ ഫാസ്റ്റ് ട്രാ പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എന്നുപറഞ്ഞപ്പോൾ വളരെയേറെ സന്തോഷമുണ പക്ഷേ അതോടൊപ്പം തന്നെ അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട പെരിയാറിന് കുറുകെയുള്ള പാലം, ആ പാലത്തിന് ഈ ഭൂമി ഏറ്റെടുക്കുന്നതോടൊപ്പം തന്നെ അതിന ഇൻവെസ്റ്റിഗേഷൻ മാത്രമല്ല അതിന് അനുമതി നൽകി പാലത്തിന്റെ പണി ആരംഭിക്കുവാ ശ്രമിക്കുകയാണെങ്കിൽ ഈ റോഡ് യാഥാർത്ഥ്യമാകുന്നതിന്റെ കാലതാമസം വള കുറയ്ക്കാൻ കഴിയും. ആ കാര്യത്തിൽ ഗവൺമെന്റ് താൽപ്പര്യമെടുക്കുമോ?

ശ്രീ. എം. കെ. മുനീർ: തീർച്ചയായും. പെട്ടെന്ന് തന്നെ അഡ്മിനിസ്ട്രേറ്റീ സാംഗ്ഷൻ നൽകാനുള്ള നടപടികളും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) ആലപ്പുഴ ബോട്ട് ജെട്ടി മാറ്റി സ്ഥാപിക്കാനുള്ള നീക്കം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ആലപ്പുഴ ജില്ലയിലെ ഏതാണ്ട് 125 വർഷം പഴക്കമുള്ള ആലപ്പുഴ ബോട്ടു ജെട്ടി അവിടെ നിന്ന് മാ സ്ഥാപിക്കുന്നതിനുള്ള നീക്കം നടക്കുന്നതായി മനസ്സിലാക്കുന്നു. രാജാ കേശവദാസ രൂപകൽപ്പന നൽകിയ ആലപ്പുഴ പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് ശ്രീചിത്തിരതിരുനാ മഹാരാജാവ് സ്ഥാപിച്ച ഒരു ബോട്ടുജെട്ടിയാണ്. നിലവിലുള്ള മനോഹരമായ ബോട്ടുജെ മാറ്റുക എന്നുള്ള ആലോചന എന്നുപറയുന്നത് അവിടുത്തെ ജനങ്ങളുടെ അതിശക്തമാ രോഷത്തിനും പ്രതിഷേധത്തിനും ഇടയാക്കിയിരിക്കുകയാണ്. നിസോർട്ട് ഉടമകളുടെയ ഹൗസ് ബോട്ട് ഉടമകളുടെയും താൽപ്പര്യത്തിന് വേണ്ടിയുള്ള ഒരു നീക്കമാണ് ഇതിന പുറകിലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആലപ്പുഴ പട്ടണത്തിൽ ട്രാൻസ്പോർ ബസ്സ്റ്റേഷന്റെ സമീപം 24 ലക്ഷം രൂപ മുടക്കി ഗവൺമെന്റ് ആരംഭിച്ച ആ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഇപ്പോൾ റിസോർട്ട് ഉടമകളുടെ കയ്യിൽ വളരെ തുച്ഛമായ വാടക വാങ്ങികൊണ്ട് ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. അപ്പോൾ റിസോർട്ട് ഉടമകളെ ഏതെല്ലാം തരത്തിൽ ചൂളിക്കാമോ ആ തരത്തിലുള്ള സമീപനമാണ് ഗവൺമെന്റ് ആ ഭാഗത്ത് എടുത്തുകൊണ്ടിരിക്കുന്നത്. അതിന്റെ തുടർച്ച എന്നുള്ള നിലയിൽ കുട്ടനാടൻ പ്രദേശങ്ങളിൽ നിന്നും മറ്റ് പ്രദേശങ്ങളിൽ നിന്നെല്ലാം തന്നെ ആലപ്പുഴ പട്ടണത്തിന്റെ ഹൃദയ ഭാഗത്തേക്ക് വരാവുന്ന വിധത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു ബോട്ടുജെട്ടിയാണിത്. കുട്ടനാടൻ പ്രദേശങ്ങളിലും മറ്റും സർവ്വീസ് നടത്തുന്നതിന് ആവശ്യമായിട്ടുള്ള ബോട്ട് നമ്മുടെ ഡിപ്പാർട്ടുമെന്റിന് നൽകാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റോ വേൾഡ് ബാങ്കോ വല്ല പണവും ഇതിന്റെ വികസനത്തിന് വേണ്ടി തന്നിട്ടുണ്ടെങ്കിൽ അത് ഉപയോഗിക്കുന്നതിന് പകരം അനാവശ്യമായിട്ടുള്ള നിലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഇടയാക്കത്തക്ക വിധത്തിൽ ഇങ്ങനെയുള്ള ആലോചന എങ്ങനെ ഗവൺമെന്റിന്റെ മുൻപിൽ വന്നുവെന്ന് മനസ്സിലാകുന്നില്ല. ഈ തലതിരിഞ്ഞ നയം, വളരെ ആത്മഹത്യാപരമായ നയം വിശേഷിച്ച് കുട്ടനാടൻ മേഖലകളിൽ കഴിയുന്ന ജനങ്ങളെയാകെ ഉത്ക്കണ്ഠാഭരിതരാക്കുന്ന നയമാണ്. ആലപ്പുഴ പട്ടണത്തിലെ ഇരുമ്പ് പാലം, മെഡിക്കൽ കോളേജ്, വൈ. എം. സി. എ. ഉൾപ്പെടെയുള്ള റോഡുകളിലെല്ലാം തന്നെ വാഹന കുരുക്കുകൾ ഇന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവിടെയെല്ലാം തന്നെ റോഡ് വികസിക്കുന്നതിനും മറ്റുമായി എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അത് ചെയ്യുന്നതിന് പകരം ആവശ്യമില്ലാത്ത തിക്കച്ചും അനാവശ്യമായ ഇത്തരം സംരംഭങ്ങളിൽ എങ്ങനെയാണ് എന്റെ സ്നേഹിതൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ വകുപ്പിൽ ഇങ്ങനെയുള്ള ഏടാകൂടം കടന്നുകൂടിയത് എന്ന് മനസ്സിലാകുന്നില്ല. ഇത്തരം ആത്മഹത്യാപരമായ സമീപനത്തിൽ നിന്ന് പിൻമാറി കർശനമായ നടപടി സ്വീകരിക്കുമെന്ന് ആശിക്കുന്നു. അതുകൊണ്ട് ഇക്കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സംസ്ഥാനത്ത് പുതിയ പാലങ്ങളും റോഡുകളും വന്നതോടുകൂടി യഥാർത്ഥത്തിൽ ഇന്ന് ബോട്ട് സർവ്വീസ് ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച ആലപ്പുഴയിൽ തന്നെ മുൻപ് 300 ബോട്ട് ട്രിപ്പുകളുണ്ടായിരുന്നു. ഇന്നവിടെ 82 ട്രിപ്പുകൾ മാത്രമേയുള്ളു. ഇപ്പോൾ ബോട്ടിൽ യാത്ര ചെയ്യുന്നതിന് ആളുകളില്ല. നമുക്ക് ഈ രംഗത്ത് നിന്ന് പിടിച്ചുനിൽക്കണമെങ്കിൽ തീർച്ചയായും ടൂറിസവുമായി ബന്ധപ്പെടുത്തി ടൂറിസ്റ്റുകളെ കൂടി ആകർഷിച്ചുകൊണ്ട് അതിനാവശ്യമായ മാറ്റം വരുത്തിയെങ്കിൽ മാത്രമേ കഴിയുകയുള്ളു. ഇപ്പോൾ ആലപ്പുഴയിൽ പുതിയ ബോട്ടുജെട്ടി നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ലോക ബാങ്കിന്റെ സഹായത്തോടുകൂടി 3 കോടി രൂപ അനുവദിച്ചിരിക്കുന്നു. അത് എങ്ങനെ വിനിയോഗിക്കണമെന്നത് സംബന്ധിച്ച് ആലോചിക്കുന്നതിന് വേണ്ടി സ്ഥലം എം. എൽ. എ. യും മന്ത്രിയുമായ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ചീഫ് എൻജിനീയറും ഇറിഗേഷൻ ചീഫ് എൻജിനീയറും വാട്ടർ ട്രാൻസ്പോർട്ട് ഡയറക്ടറും കൂടി സംയുക്തമായി ആ സ്ഥലത്ത് പോയി പരിശോധന നടത്തി അവരൊരു തീരുമാനമെടുക്കുകയുണ്ടായി. അവർ എടുത്ത തീരുമാനം, ഇന്ന് നിലവിലുള്ള ആലപ്പുഴയിലെ ബോട്ടുജെട്ടിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലക്കുറവുണ്ട്. വളരെ ഇടുങ്ങിയ സ്ഥലത്താണ്, മാത്രവുമല്ല റോഡ് ഇനിയും വികസിക്കുമ്പോൾ ഇനിയും കൂടുതൽ സ്ഥലം അതിൽ നിന്ന് എടുക്കേണ്ടി വരും അല്ലെങ്കിൽ റോഡിന്റെ വികസനത്തിന് അത് തടസ്സമാകും. അതുകൊണ്ട് ഇപ്പോഴത്തെ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ തൊട്ടുമുൻപിൽ പുതിയൊരു ബോട്ടുജെട്ടി നിർമ്മിക്കണമെന്നാണ് അവരെടുത്ത തീരുമാനം. യഥാർത്ഥത്തിൽ അത് പുതിയ ബോട്ടുജെട്ടി അല്ല. ഇപ്പോൾ തന്നെ ഒരു വർഷത്തിൽ രണ്ട് മൂന്ന് മാസം അവിടെ നിന്ന് സർവ്വീസ് നടത്തുന്നുണ്ട് കനാലിൽ വെള്ളം കുറയുമ്പോൾ ഈ ബോട്ടുജെട്ടിയിൽ നിന്നാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ടൂറിസത്തിന് കൂടി പ്രാധാന്യം കൊടുത്തുകൊണ്ട് നല്ല ബോട്ടുജെട്ടി നിർമ്മിക്കണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന പുതിയ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ മുന്നിലുള്ള സ്ഥലമാണ് അതിന് അനുയോജ്യമായിട്ടുള്ളത്. അവിടെയാണ് ആവശ്യത്തിന് സ്ഥലം കിട്ടാൻ കൂടുതൽ സാദ്ധ്യതയുള്ളത്. ഈ സാഹചര്യത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് മാത്രമാണ് അവിടെ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതു പോലെ അവിടുത്തെ ഒരു ഹോട്ടൽ ഉടമയെയും എനിക്ക് അറിയില്ല. ഞാൻ കണ്ടിട്ടില്ല എനിക്ക് അവരെ ആരെയും അറിയില്ല. അത് പറഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. എന്നാലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ പ്രശ്നം ഉന്നയിച്ച സാഹചര്യത്തിൽ തീർച്ചയായും ബന്ധപ്പെട്ടവരുമായി ഒന്നുകൂടി ആലോചിച്ച് യുക്തമായ തീരുമാനം എടുക്കാം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : ഈ ട്രാൻസ്പോർട്ട് ബസ്സ്റ്റേഷന് മുന്നിൽ ബോട്ട് ജെട്ടിയിതിക്കുന്ന സ്ഥലം എന്നു പറയുന്നത് അവിടെ 5 സെന്റു സ്ഥലംപോലും കിട്ടാനില്ല. ബഹുമാനപ്പെട്ട മന്ത്രിയെ ആരാണ് ഇതുപോലെയുള്ള സ്ഥലം അവിടെ വില്പനയ്ക്ക് എടുക്കാനുണ്ടെന്നു മനസിലാക്കിക്കൊടുത്തതെന്നറിയില്ല. അതുസംബന്ധിച്ച് ഒന്നുകൂടി അന്വേഷിക്കണം.

<u>ശ്രീ. എൻ. ശക്തൻ</u> : തീർച്ചയായിട്ടും അത് പരിശോധിക്കാം.

<u>(2) കണ്ണൂർ വിമാനത്താവളത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ</u>

<u>ശ്രീ. കെ. സി. ജോസഫ്</u> : കണ്ണൂരിൽവെച്ച് എം.എൽ.എ.മാരുമായുള്ള ചർച്ചകളെ തുടർന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ വിമാനത്താവളത്തിന് ആവശ്യമായ
10.30 A.M. നടപടി സ്വീകരിക്കുമെന്നു പറയുകയുണ്ടായി. മന്ത്രിസഭ അനുകൂലമായ തീരുമാനം എടുത്തെങ്കിലും ഇപ്പോഴും കാര്യങ്ങൾ കൃത്യമായി നീങ്ങിയിട്ടില്ല. ഇതിനിടയ്ക്ക് വിമാനത്താവളത്തിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരുന്ന രണ്ട് സ്പെഷ്യൽ തഹസിൽദാർമാരുടെ പോസ്റ്റുകൾ നിർത്തലാക്കി. തന്മൂലം അക്വിസിഷൻ ആകെ സ്തംഭിച്ചിരിക്കുകയാണ്. ഇതിന് ആവശ്യമായ 128 ഏക്കർ സ്ഥലം അക്വയർ ചെയ്തെങ്കിലും ആ സ്ഥലം അന്യാധീനപ്പെട്ട അവസ്ഥയിലാണ്. വിമാനത്താവളത്തിനുള്ള കേന്ദ്രഗവൺമെന്റ് ക്ലിയറൻസ് കിട്ടണമെങ്കിൽ ഒന്നാമതായി ആവശ്യമായ സ്ഥലം ലഭ്യമാക്കണം. അത് ലഭ്യമാക്കാതെ കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly